# പ്രധാനമന്ത്രിയുടെയും മന്ത്രിമാരുടെയും സത്യപ്രതിജ്ഞാ ചടങ്ങിന് ലോക നേതാക്കളുടെ സാന്നിധ്യം

ജൂൺ 08, 2024

ന്യൂദൽഹി- 2024ലെ പൊതുതെരഞ്ഞെടുപ്പിന് ശേഷമുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെയും മന്ത്രിമാരുടെയും സത്യപ്രതിജ്ഞാ ചടങ്ങ് 2024 ജൂൺ 09 ന് ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുക്കാൻ ഇന്ത്യയുടെ സമീപപ്രദേശങ്ങളിലെയും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെയും നേതാക്കളെ വിശിഷ്ടാതിഥികളായി ക്ഷണിച്ചു.

2. ശ്രീലങ്കൻ പ്രസിഡന്റ്, റനിൽ വിക്രമസിംഗെ; മാലിദ്വീപ് പ്രസിഡന്റ് . ഡോ. മുഹമ്മദ് മുയിസു; സീഷെൽസ് വൈസ് പ്രസിഡഡന്റ്  അഹമ്മദ് അഫീഫ്; ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന; മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്; നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമൽ ദഹൽ ‘പ്രചണ്ഡ’,  ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ, പങ്കെടുക്കാനുള്ള ക്ഷണം സ്വീകരിച്ചു.

3. സത്യപ്രതിജ്ഞാ ചടങ്ങിന് ശേഷം വൈകുന്നേരം രാഷ്ട്രപതി ഭവനിൽ പ്രസിഡന്റ് ദ്രൗപതി മുർമു ഒരുക്കുന്ന വിരുന്നിലും നേതാക്കൾ പങ്കെടുക്കും.

4. തുടർച്ചായ മൂന്നാം തവണയും  പ്രധാനമന്ത്രിയായി ശ്രീ നരേന്ദ്ര മോദി അധികാരമേൽക്കുമ്പോൾ  സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ അയൽരാജ്യങ്ങളിൽനിന്നുള്ള നേതാക്കളെ ക്ഷണിക്കുന്നത് ഇന്ത്യ അതിന്റെ ‘അയൽപക്കത്തിനും സമുദ്ര വീക്ഷണത്തിനും നൽകുന്ന ഏറ്റവും ഉയർന്ന മുൻഗണനയ്ക്ക് അനുസൃതമാണ്.

**ന്യൂദൽഹി**
**ജൂൺ 08, 2024**